പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 7606 — 23.07.2012 ലെ മറുപടിയ്ക്ക്

## ഗ്രീൻ ടെക്നോളജി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ ഗ്രീൻ ടെക്നോളജിയുടെ വികസനവും വിപുലമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നു ; വിശദമാക്കുമോ ; | (എ) ഗ്രീൻ ടെക്നോളജിയുടെ വികസനവും വിപുലമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്ററുകൾ സ്ഥാപിക്കുന്നതിനായി 2012-17 ലെ സംസ്ഥാനത്തിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ 2012-13 വർഷത്തെ പദ്ധതിയിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 'പദ്ധതികളും പരിപാടികളും' എന്ന പദ്ധതി ശീർഷത്തിൽ ഒരു പ്രവർത്തനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്ക് ആരാണ് നേതൃത്വം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് ഇതിന് നേതൃത്വം നൽകുന്നത്. ഭൗമശാസ്ത്ര പഠന കേന്ദ്രം ഇതിനായി സമർപ്പിച്ച പദ്ധതി സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിഗണനയിലാണ്. 2012-13 വർഷത്തെ KSCSTE –യുടെ ബഡ്ജറ്റിൽ ഇതിനായി 90,00,000/- രൂപ നീക്കിവെച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ? | (സി പദ്ധതി അംഗീകരിച്ച് നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ ഏജൻസികളുടെ സഹായം തേടുന്ന കാര്യം തീരുമാനിക്കാനാകൂ. |

സെക്ഷൻ ഓഫീസർ